# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ T V, IAS)

തിരുവനന്തപുരം

ഉത്തരവ് നം . F2-34889/16 തീയതി : 23/06/2017

==================== ====================

വിഷയം :- സാമൂഹ്യനീതി വകുപ്പ് – 'സ്നേഹ സംഗമം' – വനിതാ ക്ഷേമ സ്ഥാപനങ്ങളിൽ നിന്നും വിവാഹിതരായ അന്തേവാസികളുടെ കുടുംബസംഗമം – അനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- സ.ഉ.(സാധാ) നം. 359/2017/സാ.നീ.വ, തീയതി 03/06/2017

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളായ ആഫ്റ്റർ കെയർ ഹോം ഫോർ ഗേൾസ് (കോഴിക്കോട് & കൊല്ലം), വികലാംഗ വനിതാ സദനം എറണാകുളം, മഹിളാ മന്ദിരങ്ങളിൽ നിന്നും വിവാഹിതരായി പോയിട്ടുള്ള അന്തേവാസികളുടെ കുടുംബസംഗമം നടത്തുന്നതിനായി 'സ്നേഹ സംഗമം' എന്ന പേരിലുള്ള പദ്ധതിയ്ക്കായി 7,50,000 രൂപയുടെ ഫണ്ട് അനുവദിച്ച് പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്.

കുടുംബ സംഗമത്തിൽ മുൻ വർഷങ്ങളിൽ സ്ഥാപനത്തിൽ നിന്ന് വിവാഹിതരായ സ്ത്രീകളെ കാലേ കൂട്ടി അറിയിച്ച്, സംഗമത്തിൽ അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതാണ്. ജനപ്രതിനിധികൾ, വകുപ്പിലെ ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ എന്നിവരുടെയും സാന്നിദ്ധ്യം ഉറപ്പാക്കി പരിപാടി പൂർവ്വാധികം ഭംഗിയായി നിർവ്വഹിയ്ക്കേണ്ടതാണ്. പ്രസ്തുത സംഗമം ഒരു ദിവസത്തേയ്ക്ക് ക്രമീകരിക്കേണ്ടതും, പങ്കെടുക്കുന്നവരുടെ ജീവിതാനുഭവങ്ങൾ പങ്ക് വയ്ക്കാനവസരം, നല്ല കുടുംബ ജീവിതം എങ്ങനെ നയിക്കാം എന്നതിനെ സംബന്ധിച്ച് ക്ലാസ്സുകൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. 'കുടുംബ സംഗമം' നടത്തേണ്ട ഉത്തരവാദിത്വം അതാത് സ്ഥാപന സൂപ്രണ്ട്മാർക്ക് മാത്രമായിരിയ്ക്കും.

ഒരു സ്ഥാപനത്തിന് 50,000/- രൂപ ക്രമത്തിൽ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്ക് തുക അനുവദിച്ച് നൽകുന്നതിനും ഇതിനാൽ ഉത്തരവാകുന്നു. ഓരോ സ്ഥാപനവും വഹിയ്ക്കേണ്ട ചിലവ് സംബന്ധിച്ച മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.

ജില്ലാ ഓഫീസർമാരുടെ മേൽനോട്ടത്തിൽ ടി സംഗമം നടത്തേണ്ടതാണ്. സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Dh

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജില്ല | അനുവദിച്ച തുക |
|---|---|---|---|
| 1 | മഹിളാ മന്ദിരം | തിരുവനന്തപുരം | 50,000 |
| 2 | മഹിളാ മന്ദിരം | കൊല്ലം | 50,000 |
| 3 | മഹിളാ മന്ദിരം | ആലപ്പുഴ | 50,000 |
| 4 | മഹിളാ മന്ദിരം | പത്തനംതിട്ട | 50,000 |
| 5 | മഹിളാ മന്ദിരം | കോട്ടയം | 50,000 |
| 6 | മഹിളാ മന്ദിരം | എറണാകുളം | 50,000 |
| 7 | മഹിളാ മന്ദിരം | തൃശ്ശൂർ | 50,000 |
| 8 | മഹിളാ മന്ദിരം | പാലക്കാട് | 50,000 |
| 9 | മഹിളാ മന്ദിരം | മലപ്പുറം | 50,000 |
| 10 | മഹിളാ മന്ദിരം | കണ്ണൂർ | 50,000 |
| 11 | മഹിളാ മന്ദിരം | കോഴിക്കോട് | 50,000 |
| 12 | മഹിളാ മന്ദിരം | കാസർഗോഡ് | 50,000 |
| 13 | ആഫ്റ്റർ കെയർ ഹോം | കൊല്ലം | 50,000 |
| 14 | ആഫ്റ്റർ കെയർ ഹോം | കോഴിക്കോട് | 50,000 |
| 15 | വികലാംഗ വനിത സദനം | എറണാകുളം | 50,000 |
| | ആകെ | | 7,50,000 |

സ്നേഹസംഗമത്തിന് അനുവദിച്ച തുകയായ 7,50,000/- (ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

Dh

തുക ചിലവഴിച്ച ശേഷം ധനവിനിയോഗ സർട്ടിഫിക്കേറ്റ്, Expenditure Statement, വൗച്ചറുകളുടെ കോപ്പി, Documentation എന്നിവ അയച്ചു തരേണ്ടതാണ്. ടി തുക പ്രസ്തുത ആവശ്യത്തിന് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ ഓഫീസർമാർക്കും
എല്ലാ ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട് മാർക്കും

<u>പകർപ്പ്:</u>

1. സൂപ്രണ്ട്, എ സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Dh

അനുബന്ധം - I

<u>സ്നേഹ സംഗമം നടത്തുന്നതിന് ഒരു സ്ഥാപനത്തിലേയ്ക്കുള്ള ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.</u>

| | | |
|---|---|---|
| നോട്ടീസ്, ബാനർ & ഫോട്ടോ | - | 5,000 |
| ഡോക്യുമെന്റേഷൻ | - | 2,000 |
| മൊമെന്റോ | - | 4,000 |
| ഹോണറേറിയം | - | 1,500 |
| ഉച്ചഭക്ഷണം & ചായ സ്നാക്സ് | - | 28,500 |
| അനാമത്ത് ചിലവുകൾ | - | 9,000 |
| ആകെ | - | 50,000 |

(അൻപതിനായിരം രൂപ മാത്രം)

Dh